പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ 186

7.7.2015 ൽ

മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളിലെ പ്രധാന തസ്തികകളിലെ നിയമനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം.ചന്ദ്രൻ ;<br>ശ്രീ. വി.ശിവൻകുട്ടി ;<br>ശ്രീ. എസ്.ശർമ്മ ;<br>ശ്രീ. സി.കൃഷ്ണൻ ; | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| എ) | വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ തലപ്പത്ത് പ്രൊഫഷണലുകളെയും കാര്യപ്രാപ്തിയുള്ളവരെയുമാണ് നിയമിക്കുന്നതെന്ന് ഉറപ്പ് വരുത്താറുണ്ടോ ; | എ) | ഉണ്ട്. സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ സർക്കാർ നേരിട്ടും, റിയാബ് മുഖേനയും സുതാര്യമായ തെരഞ്ഞെടുപ്പ് നടപടിക്രമത്തിലൂടെയാണ് നിയമിച്ചുവരുന്നത്. |
| ബി) | നിയമനം നടത്തുന്നതിന് ഇപ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | ബി) | എഞ്ചിനീയറിംഗ് ബിരുദവും മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദവും ഉയർന്ന തലത്തിലുള്ള പ്രവൃത്തിപരിചയവുമാണ് മാനദണ്ഡമായി നിഷ്കർഷിച്ചിരിക്കുന്നത്. 11.5.2015 ലെ ജി.ഒ(എം.എസ്)നം.19/2015/പ്ലാനിംഗ് ഉത്തരവ് പ്രകാരം മാനേജിംഗ് ഡയറക്ടർമാരുടെ ഉയർന്ന പ്രായ പരിധി 65 വയസ്സാക്കി നിജപ്പെടുത്തിയിട്ടുമുണ്ട്. |
| സി) | വിജിലൻസ് അന്വേഷണം നേരിടുന്നവരും വിജിലൻസിൽ നിന്നും പ്രതികൂലമായി അഭിപ്രായം ഉണ്ടായവരും പ്രധാന തസ്തികകളിൽ നിയമനം നേടുന്നതായ വാർത്തകളിൽ നിലപാട് വ്യക്തമാക്കുമോ ; | സി)<br>&<br>ഡി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് നിയമിക്കപ്പെടുന്നവരുടെ നിയമനം ക്രമപ്പെടുത്തുന്നതിന് മുമ്പായി വിജിലൻസ് ക്ലീയറൻസ് വാങ്ങുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളെ സംബന്ധിച്ച് ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അതിന്മേൽ ആവശ്യമായ അന്വേഷണ നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. |
| ഡി) | പ്രധാന തസ്തികകളിൽ നിയമിതരാവുന്നവർ കളങ്കിതരും കുറ്റാരോപിതരും അല്ലെന്ന് ഉറപ്പ് വരുത്താറുണ്ടോ ; നിയമവിരുദ്ധമായി നിയമിക്കപ്പെട്ടവരുണ്ടെങ്കിൽ അത്തരക്കാരെ മാറ്റിനിർത്താൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ